യുദ്ധം നിമിത്തവും മററും ഉണ്ടായിട്ടുള്ള പരിതഃസ്ഥിതികൾ കൊണ്ട് ധനവാന്മാരുടെ കൈയ്യിൽ പണമില്ലാതെവന്നു. അതായതു അവരുടെ കാർഷികോല്പന്നങ്ങൾ വിദേശങ്ങളിൽ അയക്കാൻ നിവൃത്തിയില്ലാതെയും, തന്നാട്ടിലുള്ള ആ സാധനങ്ങൾക്ക് വിലയില്ലാതേയും പോയതിനാൽ പണമില്ലാതെ പോയി. അവക്കു വേണ്ട സാധനസാമഗ്രികൾപോലും ഉണ്ടാക്കാൻ പണം ഇല്ലാത്തതിനാൽ എന്റെ സമുദായത്തിൽപ്പെട്ട വിശപ്പകന്മക്കു ആഹാരത്തിനുപോലും ശരിയായ തൊഴിൽ കിട്ടുന്നില്ല. അവരിൽ ചിലർ കോട്ടയംഡിവിഷനിലെ കിഴക്കെ അതിർത്തിയായ പാലാ മുതലായ സ്ഥലങ്ങളിൽ ചെന്നു വനങ്ങളോടടുത്ത സൗകര്യസ്ഥലങ്ങളിൽ കുടികെട്ടി പാർത്തുതുടങ്ങി. അങ്ങനെ കുറേക്കാലം അവർ അവിടെ പാർത്തു. അവർ അവിടെ ചില ചില്ലറ വാഴ, നെല്ല്, പയർ, മരക്കറി മുതലായ കൃഷികൾ ചെയ്തു ഉപജീവനം കഴിച്ചുവന്നിരുന്നു. എന്നാൽ ഫാറസ്ററുമേധാവികളും റവന്യൂമേധാവികളും അവരെ അവിടെനിന്നും ആട്ടി ഓടിക്കുകയും അവർ ഈ വിവരം ഗവൺമെൻറിനെ അറിയിക്കയും എനിക്കു എഴുതുകയുംചെയ്തു. ഞാൻ ഗവൺമെൻറിനോടു ഇതിനെ സംബന്ധിച്ച് നേരിട്ടു പരാതിപ്പെടുകയും ചെയ്തു. എന്നാൽ യാതൊരു തീരുമാനവും ഉണ്ടായില്ല. ഇങ്ങനെ കഷ്ടപ്പെടുന്ന സാധുക്കൾക്ക് വനത്തിൽ സൗകര്യമായി കിടക്കുന്ന സ്ഥലങ്ങൾ വനസംരക്ഷണത്തിനു ബാധകമല്ലാത്തവിധത്തിൽ പതിച്ചോ അല്ലാതേയൊ കൊടുക്കുന്നതു ഉചിതമായിരിക്കും. മി. കെ. ആർ. നാരായണൻ പറഞ്ഞതു പോലെ ഒരു കമ്മിററി കൃഷിസ്ഥലം വേണ്ടുവോളമില്ലാത്ത ഞങ്ങളേയും ചേർത്തു വിവരങ്ങൾ അറിയിക്കാനായി ഏർപ്പെടുത്തുന്നതു നന്നായിരിക്കും.

ഈ സംഗതിയിൽ നാട്ടിനു ഉപയോഗപ്പെട്ട ആർട്ടിസാൻ സമുദായത്തെയും അതുപോലെയുള്ള ഇതരസമുദായത്തെയും സഹായിക്കേണ്ടതു ആവശ്യമാകുന്നു. ഈ അഭിപ്രായത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ ബലമായി പിൻതാങ്ങുന്നു.

MR. K. P. KOCHUKORA THARAKAN: സർ, ഞാൻ ഈ ഉപക്ഷേപത്തിന്റെ തത്വത്തോടു പൂർണ്ണമായി യോജിക്കുന്നു. റിസർവ് ഫോറസ്റ്റിൽ കൃഷിചെയ്യാവുന്ന സ്ഥലങ്ങൾ ധാരാളം ഉണ്ടെന്നുള്ള ഒരു ധാരണ പൊതുജനങ്ങളുടെയിടയിൽ ഉണ്ട്. എന്നാൽ ഫോറസ്റ്റിനകത്തു നാലായിരം ഏക്കർ സ്ഥലമേ പതിക്കത്തക്കതായിട്ടുള്ളു എന്നു സ്വാമ്പിയേറിയാ കമ്മിററി റിപ്പോർട്ടിൽ പറയുന്നുണ്ട്. ഇതു രണ്ടും ശരിയല്ല. നാലായിരം അല്ലാ നാല്പതിനായിരം ഏക്കർ സ്ഥലം ഫോറസ്റ്റിനകത്തു കിട്ടാൻ വിഷമമുണ്ടെന്നു വിചാരിക്കുന്നവനല്ലാ ഞാൻ. അതിസമർത്ഥനായ ഒരു കൺസർവേറററെയാണ് നാം ഇപ്പോൾ ഇവിടെ വരുത്തിയിട്ടുള്ളത്. അദ്ദേഹത്തിന്റെ പ്രവർത്തനത്തെ ആർക്കും ചോദ്യം ചെയ്യാൻ കഴിയാത്തവിധം അദ്ദേഹത്തിനു എത്രയും നല്ല ഒരു ചരിത്രവുമുണ്ട്. ഫോറസ്റ്റ് വർക്കിംഗ് പ്ലാൻ നടത്തുന്നതിനു വേണ്ടിയാണല്ലൊ നാം അദ്ദേഹത്തെ ഇവിടെ വരുത്തിയിരിക്കുന്നത്. ഫോറസ്ററു വർക്കിംഗ് പ്ലാനുവേണ്ടി അദ്ദേഹത്തിന്റെ കീഴ്സിൽബന്ധികൾ എല്ലാ ഭാഗങ്ങളിലും സഞ്ചരിക്കുകയും വനം മുഴുവനും കാണുകയും ചെയ്യേണ്ടതായിട്ടുണ്ട്. അങ്ങിനെ സഞ്ചരിക്കുന്ന സന്ദർഭത്തിൽ ചതുപ്പുനിലങ്ങൾ എവിടെയെല്ലാമാണുള്ളത് എന്നു നോക്കി ഒരു പട്ടിക ഉണ്ടാക്കാൻ പ്രയാസമില്ല. എന്നാൽ ചതുപ്പുനിലങ്ങൾ തല്ക്കാലം പതിച്ചുകൊടുക്കണമെന്നുള്ള അഭിപ്രായം എനിക്കില്ല. ഇവിടെ ജനസംഖ്യ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അവക്കു കിടക്കാൻ സ്ഥലമില്ല, ഉണ്ണാൻ ചോറില്ല, എന്നു മുറവിളി കൂട്ടിക്കൊണ്ടിരിക്കുന്നു. എന്റെ സ്നേഹിതൻ മി. കെ. ആർ. നാരായണൻ പറഞ്ഞതുപോലെ ആയിരം ഏക്കർ കണക്കിന് സ്ഥലം പതിച്ചുവാങ്ങി യാതൊരു കൃഷിയും ചെയ്യാതെ ഇട്ടിരിക്കുന്ന സ്ഥലങ്ങൾ ഒരു ക്ലിപ്തകാലത്തിനകം കൃഷി ചെയ്തില്ലെങ്കിൽ തിരിച്ചെടുക്കാനുള്ള സ്വാതന്ത്ര്യം ഗവണ്മെന്റിനുണ്ടായിരിക്കണം. ഈ നിലയിൽ പതിച്ചുകൊടുത്ത ഭൂമികൾ മുഴുവനും കൃഷി ചെയ്തിട്ട് പോരാതെവരുമ്പോൾ മാത്രമെ ഭൂമി റിസർവിൽനിന്നും പതിച്ചുകൊടുക്കാവൂ.

നമുക്കാവശ്യമുള്ള നെല്ല് തിരുവിതാംകൂറിൽ ഉണ്ടാക്കേണ്ടതു് അത്യാവശ്യം തന്നെ. ഫോറസ്റ്റിനകത്തുള്ള സ്വാംപ്യേറിയാ പതിച്ചുകൊടുത്താൽ റിസർവ് നശിച്ചുപോകും എന്നുള്ള വിചാരം ശരിയല്ല. ഇന്നത്തെ റിസർവ് അതിർത്തികൾ ഇലക്ട്രിക്ക് ഫെൻസിങ്ങോ കരിങ്കൽ കോട്ടകളൊ കൊണ്ടു നിർമ്മിക്കപ്പെട്ടിട്ടുള്ളതല്ല. അവിടവിടെ ചില കല്ലുകൾമാത്രമേ ഇട്ടിട്ടുള്ളൂ. തിരുവിതാംകൂറിലേ നിയമത്തെ ഭയന്നാണ് ജനങ്ങൾ വനങ്ങളിൽ ആക്രമിക്കാത്തതു്. എന്നാൽ അക്രമികളായ ചിലർ വനത്തിനുള്ളിൽ കടന്നു തടി വെട്ടുന്നുണ്ടായിരിക്കാം. റിസർവി

നകത്തു സ്ഥലം കൊടുത്തും സ്ഥലം എടുക്കുന്നവർ അതിനടുത്ത റിസർവു കൂടി സൂക്ഷിക്കണം എന്ന് ഏർപ്പാടു ചെയ്താൽ ആരും തടി വെട്ടിക്കൊണ്ടുപോവുകയില്ല. ഈ കാരണംകൊണ്ടല്ലാ റിസർവിനകത്തുള്ള ഭൂമികൾ പതിച്ചുകൊടുക്കേണ്ടാ എന്നു ഞാൻ പറഞ്ഞതു്. കരഭൂമികളിൽ ലിഫ്റ്റ് ഇറിഗേഷൻകൊണ്ടു് കൃഷി ചെയ്യുന്നതിന് ഗവണ്മെൻറു ഇപ്പോൾ പ്രോത്സാഹിപ്പിക്കാൻ തുടങ്ങിയിട്ടുണ്ടു്. അതിന്റെ ഫലം എന്താണെന്നറിയുന്നതിനു മുൻപേ റിസർവിലുള്ള സ്ഥലം മുഴുവനും പതിച്ചു താറുമാറാക്കണമെന്നുള്ള അഭിപ്രായം എനിക്കില്ല.

വൃക്ഷങ്ങൾ എല്ലാം വെട്ടിപ്പോയാൽ മഴയുണ്ടാകയില്ല. അതുകൊണ്ടു് സ്വാംപിയേറിയാ പതിച്ചുകൊടുക്കാൻ പാടില്ലാ എന്നു പറയാറുണ്ടു്. അതും ശരിയാണെന്നു് എനിക്കു തോന്നുന്നില്ല. സ്വാംപിയേറിയായിൽ വൃക്ഷങ്ങൾ ഇല്ല. അവിടെ പുല്ലുമാത്രമെയുള്ളു. അതു ചെത്തിചുട്ടിട്ടു് കൃഷി ചെയ്യാം. തടി വെട്ടുന്നതു് ഫാറസ്റ്റിനാദായം ഉണ്ടാക്കാൻ വേണ്ടിമാത്രമാണ്. വൃക്ഷം വെട്ടിയാൽ മഴ ഉണ്ടാകുമോ എന്നുള്ള വാദത്തെപ്പററി വൃക്ഷം വെട്ടുമ്പോൾ ആലോചിച്ചാൽ മതിയല്ലൊ.

ഇനി എനിക്കു പറയുവാനുള്ളതു് നാലുവശവും ജനങ്ങൾ തിങ്ങിപ്പാർക്കുന്നതിന്റെ നടുവിൽ നൂറേക്കർ, നൂററിഅൻപതു ഏക്കർ ഇങ്ങനെ ചില കുട്ടിവനങ്ങൾ ഉണ്ടു്. ആ സ്ഥലങ്ങളിൽനിന്നു ഗവണ്മെൻറിനു വലുതായ ആദായമൊന്നും കിട്ടുന്നില്ല. ഇങ്ങനെയുള്ള സ്ഥലങ്ങൾ വളവൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചു് പച്ചിലവളം മിതമായ വിലയ്ക്കു് കൃഷിക്കാർക്കു കൊടുക്കുകയും കന്നുകാലി മേച്ചിലിനായി ഒഴിച്ചിടുകയും ചെയ്യുന്നതു നന്നായിരിക്കും. ഇതു് കൃഷി ഡിപ്പാർട്ടുമെൻറിന്റെയൊ ഫാറസ്ററുഡിപ്പാർട്ടുമെൻറിൻേറയൊ മേൽനോട്ടത്തിൽ നടത്താം. അല്ലെങ്കിൽ ഈ സ്ഥലങ്ങളിലുള്ള റായൽ ട്രീസ് മുറിച്ചെടുത്തിട്ടു അവ പതിച്ചുകൊടുക്കണം. ഇപ്പോൾ ഇങ്ങനെയുള്ള സ്ഥലങ്ങളിൽനിന്നും ഗവണ്മെൻറിനു ആദായം കിട്ടുന്നില്ല എന്നു മാത്രവുമല്ലാ ഇങ്ങനെയുള്ള സ്ഥലങ്ങൾ സൂക്ഷിക്കുന്നതിന് ഗവണ്മെൻറിനു ചെലവും നേരിടുന്നുണ്ടു്. ഈ രണ്ടുപ്രകാരത്തിലുള്ള നഷ്ടം ഗവണ്മെൻറ് സഹിക്കേണ്ടയാവശ്യം ഇല്ല. ഇങ്ങനെയുള്ള സ്ഥലങ്ങൾ മൂവാററുപുഴ, കുന്നത്തുനാട്ടു്, തൊടുപുഴ ഈ താലൂക്കുകളിൽ ധാരാളമുണ്ടു്. മററു താലൂക്കുകളിലുണ്ടോ എന്നു് എനിക്കു അറിഞ്ഞുകൂട.

കൃഷിക്കാർക്കു് കൃഷിആയുധങ്ങൾ കിട്ടുന്നതിന് വളരെ പ്രയാസമായിരിക്കുന്നു. ഫാറസ്റ്റു് ഡിപ്പാർട്ടുമെൻറിൽനിന്നും അതിലേക്കാവശ്യമുള്ള തടി വെട്ടിയെടുക്കുന്നതിനും ലൈസൻസ് കൊടുക്കുന്നതിനും ഏർപ്പാടു

[Mr. K. P. Kochukora Tarakan]

ചെയ്യണം. ഇപ്പോൾ കൃഷി ആയുധങ്ങൾ കിട്ടാൻ വളരെ പ്രയാസമുണ്ട്. മുമ്പ് ഒരു കോടാലിയുമായി ഫാറസ്റ്റിൽ ചെന്നാൽ ഇഷ്ടമുള്ള കൃഷി ആയുധങ്ങൾ വെട്ടിയെടുക്കുവാൻ സാധിക്കുമായിരുന്നു. ഇന്നാണെങ്കിൽ അങ്ങനെ ചെന്നാൽ അതിന്റെ റായിരട്ടി വില ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറുകാർക്ക് കൊടുക്കണം. അല്ലെങ്കിൽ പോലീസുകാരുടെ കസ്റ്റടിയിൽ കിടന്നു ഉള്ള ദുരിതമത്രയും അനുഭവിക്കണം. അതുകൊണ്ട് ഈ കാര്യത്തെപ്പററിയും ഗവണ്മെൻറ് ശ്രദ്ധിക്കേണ്ടതാണ്.

MR. K. KUNJU PANICKAR (*Mavelikara-cum Kunnattur*) ഫാറസ്റ്റിൽനിന്ന് വെട്ടിയെടുക്കാനുള്ള കൃഷി ആയുധങ്ങൾ എന്തെല്ലാമാണ്.

MR. K. P. KOCHUKORA THARAKAN: കൃഷിആവശ്യത്തിനു മരംകൊണ്ടുള്ള എല്ലാ സാധനങ്ങളും അതായതു വള്ള, ഈട്ടിക്കോൽ, നേണൽപിടി കരിയാക്കോൽ, നുകം, ഞേരി, ഞേരിപ്പിടി, ഞവരിപ്പലക മുതലായതും മൺവെട്ടി, കോടാലി മുതലായവയ്ക്കുള്ള കൈകൾ ഇങ്ങനെ പലതുമുണ്ട്. നിങ്ങൾ കൊല്ലത്തും മററും താമസിക്കുന്നതുകൊണ്ട് ഇതെല്ലാം വനത്തിൽ നിന്നല്ലാതെതന്നെ ധാരാളം കിട്ടുമെന്നു വിചാരിക്കുന്നുണ്ടാവാം. എന്നാൽ ഉൾനാട്ടുകളിൽ താമസിക്കുന്നവർക്ക് അതിന്റെ പ്രയാസം വളരെ കൂടും. ഓരോന്നിനും പ്രത്യേകം പ്രത്യേകം ഇനത്തിലുള്ള തടികൾ ആണു ഉപയോഗിക്കുന്നതു്.

കഴിഞ്ഞകൊല്ലം സ്ഥലം പതിയാനുള്ളവകൾ കണ്ടുപിടിക്കുന്നതിനും മററുമായി വേണ്ടവണ്ണം പര്യാലോചനചെയ്തു റിപ്പോർട്ടു സമർപ്പിക്കുവാനായി ഒരു കമ്മററിയെ ഏർപ്പെടുത്തിയിരുന്നു. അവർ തെക്കൻതിരുവിതാംകൂർ, മദ്ധ്യതിരുവിതാംകൂർ, വടക്കൻ തിരുവിതാംകൂർ എന്നിങ്ങ മൂന്നു കമ്മററികളായി പിരിഞ്ഞു് അതിൽ സെൻട്രൽ ട്രാവൻകൂർ കമ്മററിക്കാർ അവരുടെ റിപ്പോർട്ടു സമർപ്പിച്ചു. തെക്കൻ തിരുവിതാംകൂർ കമ്മററിയും വടക്കൻ തിരുവിതാംകൂർ കമ്മററിയും അവരുടെ റിപ്പോർട്ടു സമർപ്പിച്ചുകഴിഞ്ഞിട്ടില്ല. ഇവരുടെ റിപ്പോർട്ടുകൾ താമസിയാതെ അവരും സമർപ്പിക്കും. പക്ഷേ അതും ഇപ്പോൾ ഒരു പ്രത്യേക കമ്മററിയുടെ ആവശ്യമില്ല. കഴിയുന്നതും നിഷ്കർഷവച്ച് കന്നുകാലികൾക്ക് ആവശ്യമുള്ള തീററിസ്ഥലങ്ങളും കൃഷിചെയ്യുവാനുള്ള സ്ഥലങ്ങളും എത്രത്തോളം സൌകര്യപ്പെടുത്തി കൊടുക്കുവാൻ കഴിയുമോ ഉടനെ അതു ചെയ്യണം. കൃഷിയെ അഭിവൃദ്ധിപ്പെടുത്തുവാൻ ഗവണ്മെൻറ് ഇപ്പോൾ വേണ്ടതെല്ലാം ചെയ്യുന്ന ഒരു സന്ദർഭമാണല്ലോ. ഏകദേശം അഞ്ചോ ആറോ ലക്ഷം രൂപ ചെലവാക്കാമെങ്കിൽ ഈ രാജ്യത്തെ

ണ്ടാവശ്യമുള്ള നെല്ല് ഇവിടെത്തന്നെ വിളയിച്ചെടുക്കുവാൻ കഴിയും. ഇവിടെയുള്ള റിസർവ്വ് ഫാറസ്റ്റുകളത്രയും പങ്കിട്ടുകൊടുക്കണമെന്നു ഞാൻ പറയുന്നില്ല. ഇനിയും ജനസംഖ്യ വർദ്ധിക്കുകയേ ഉള്ളു. അതു കൊണ്ടു റിസർവായിത്തന്നെ കിടക്കണം. എന്നാൽ കാര്യദോഷമില്ലാതെ അധികം നഷ്ടംവരാതെ നെല്ല് വിളയിച്ചെടുക്കുവാൻ സൗകര്യമുള്ള സ്ഥലങ്ങൾ കൃഷിക്കുപയോഗപ്പെടുത്തുവാൻ ഗവണ്മെൻറ് അനുവദിക്കുന്നതാണ്. ഫ്ളോ ഇറിഗേഷൻ വഴിയായും ലിഫ്റ്റ് ഇറിഗേഷൻ വഴിയായും അനേകം ഏക്കർ സ്ഥലം തിരുവിതാംകൂറിൽ ഫാറസ്റ്റിൽ കയറാതെതന്നെ കൃഷിചെയ്യാൻ സാധിക്കും. അങ്ങിനെയുള്ള സ്ഥലങ്ങൾ ആദ്യം കൃഷി ചെയ്യിക്കണം. അതു മതിയാവുന്നില്ലെന്നു കണ്ടിട്ടേ ഫാറസ്റ്റിൽ കൈവെയ്ക്കേണ്ട ആവശ്യമുള്ളൂ. ഫാറസ്റ്റ് പതിച്ചുകൊടുത്തില്ലെങ്കിലും ഫാറസ്റ്ററുകാർ ഇന്നത്തെ കൃഷിസ്ഥലങ്ങളെ ഫാറസ്റ്റാക്കാൻ ശ്രമിക്കുന്നതു സമ്മതിക്കാവുന്നതല്ല.

MR. KAVIYOOR K. K. KOCHUKUNJU : സർ, ഇവിടത്തെ കർഷകക്കും ജീവിക്കാനിടമില്ലാതെ വലയുന്ന സാധുജനങ്ങൾക്കും അനുഗ്രഹപ്രദമായിരിക്കുന്ന ഈ ഉപക്ഷേപത്തെ ഞാൻ ഹാർദ്ദമായി അനുകൂലിക്കുന്നു. നെല്ലു അതിസമൃദ്ധിയായി വിളയുന്ന അനേകായിരം ഏക്കർ സ്ഥലങ്ങൾ വനത്തിനുള്ളിൽ നിരുപയോഗമായി കിടക്കുന്നുണ്ട്. ഇങ്ങിനെയുള്ള സ്ഥലങ്ങൾ കണ്ടുപിടിക്കുന്നതിനും കൃഷിഡിപ്പാർട്ടുമെൻറിൻെറ ഉപദേശങ്ങളോടും സഹായങ്ങളോടും കൂടി കൃഷിക്കുപയുക്തമാക്കുന്നതിനും ആയതിലേയ്ക്കു് വേണ്ടതായ എല്ലാ പ്രവൃത്തനങ്ങൾക്കും ആയി ഒരു കമ്മിററിയെ നിയമിക്കണമെന്നും മററും ഉള്ള പ്രശ്നം പലപ്പോഴും ഞാൻ കാർഷികബോർഡിൽ കൊണ്ടുചെന്നിട്ടുള്ളതും ആയതു ഒരു പ്രധാന പ്രശ്നമായി എടുത്തിട്ടുള്ളതും ആണ്. ഈ വിഷയത്തെക്കുറിച്ച് ഈ സഭയിൽ ഇതിനുമുമ്പും ഇതൊരു പ്രധാന പ്രശ്നമാക്കീട്ടുണ്ട്. എൻെറ ബഹുമാനപ്പെട്ട സ്നേഹിതൻ മി. ററി. സി. കേശവപിള്ള പറയുന്നതുപോലെ വനങ്ങളിൽ സ്ഥിതിചെയ്യുന്ന ചതുപ്പുനിലങ്ങളിൽ ഗവണ്മെൻറിന് സാരമായ നഷ്ടം വരുന്ന തടികൾ ഉണ്ടെന്നു തോന്നുന്നില്ല. അഥവാ ഉണ്ടായിരുന്നാൽത്തന്നെ വളരെ ഭംഗിയായിരിക്കണമെന്നാഗ്രഹിക്കുന്നതും വളരെ ഭംഗിയായി സൂക്ഷിച്ചുപോരുന്നതും ആയ മനുഷ്യത്തടികൾ ആഹാരമില്ലാതെ ദ്രവിച്ചുപോകുന്നതിനേക്കാൾ വിലമതിക്കത്തക്കതും അല്ല. ദുരിതനിവാരണാർത്ഥം കർഷകവൃത്തി പരിപോഷിപ്പിക്കുന്ന കാര്യത്തിൽ ഗവണ്മെൻറ് പൂർവാധികം ശ്രദ്ധാപതിപ്പിക്കുന്ന ഈ സന്ദർഭത്തിൽ ഈ ഉപക്ഷേപം ഏററവും സമുചിതമായിട്ടുണ്ട്. ഈ ഉപക്ഷേപത്തെ ഞാൻ ഹാർദ്ദമായി പിൻതാങ്ങുന്നു.

MR. THARIATHU KUNJITHOMMEN : സർ, ഞാനും ഈ ഉപക്ഷേപത്തെ ബലമായി അനുക്രൂലിച്ചുകൊള്ളുന്നു. ഇതിനെ സംബന്ധിച്ച് ഞാൻതന്നെ പലതവണയും ഇവിടെ പറഞ്ഞിട്ടുണ്ട്, പന്ത്രണ്ടുകൊല്ലത്തിനുമുമ്പ് ഒരു പ്രമേയവും പാസാക്കിയിട്ടുണ്ട്. സ്വാംപിഏറിയ പതിച്ചുകൊടുക്കുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ട ചില സംഗതികളുണ്ട്. നെൽക്കൃഷിക്കു കൊള്ളാവുന്ന മുപ്പതിനായിരമോ നാൽപ്പതിനായിരമോ ഏക്കർ സ്ഥലങ്ങൾ റിസർവിൽ കാണുമെന്നാണ് എന്റെ വിശ്വാസം. എന്റെ നിയോജകമണ്ഡലത്തിൽതന്നെ അങ്ങനെയുള്ള പത്തുപതിനായിരം ഏക്കർ സ്ഥലം കണ്ടേക്കാം. എന്നാൽ ഇതെല്ലാം പതിച്ചുകൊടുക്കുന്നതു് നന്നായിരിക്കുകയില്ലെന്നാണു എന്റെ അഭിപ്രായം. റോഡിനോടും ജനവാസസ്ഥലത്തോടും അടുത്തു് എട്ടോ പത്തോ മൈൽ ദൂരംവരെ ഉള്ള സ്ഥലങ്ങൾ പതിച്ചുകൊടുക്കാം. ബാക്കിയുള്ള സ്ഥലങ്ങളെ സംബന്ധിച്ച് പ്രത്യേകം പദ്ധതികൾ നിശ്ചയിക്കേണ്ടതാണ്. കഴിഞ്ഞ സെൻസസ്സ് റിപ്പോർട്ടിൽ ൨൫൦൦൦ ജനങ്ങൾ പലതരം കിരാതവർഗ്ഗത്തിൽപ്പെട്ടവർ വനങ്ങളിൽ നിവസിക്കുന്നുണ്ടെന്നു കാണാം. അവർ മലഞ്ചരിവുകളിലെ കാടുവെട്ടി ചുട്ടു കൃഷിചെയ്തു ജീവിക്കുകയാണ്. തന്നിമിത്തം മണ്ണൊലിച്ചുപോകുകയും വൃക്ഷങ്ങൾ നശിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഇതിനു് ഒരു നിവാരണം കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. എനിക്കു തോന്നുന്നതു് ഈ ൨൫൦൦൦ പേരെയും പല സ്ഥലങ്ങളിലായി കിടക്കുന്ന സ്വാംപിഏറിയാകൾക്കു് അടുത്തു് കൊണ്ടുവന്നു താമസിപ്പിക്കണം. അവിടെ താമസിക്കുന്നവർക്കു കടിപാർക്കാൻ കുറെ ഡ്രൈലാൻഡും കൊടുക്കണം. വെററ്ലാൻഡിൽ അവർ നെൽകൃഷി ചെയ്തുകൊള്ളും. അവരെ ചില സ്ഥലങ്ങളിൽ സ്ഥിരമായി താമസിപ്പിച്ചാൽ അവർക്കു സാമാന്യവിദ്യാഭ്യാസത്തിനും വൈദ്യസഹായത്തിനും സൌകര്യമുണ്ടാക്കാം. ഇപ്പോൾ പനിപിടിച്ചും മററും അവർക്കു് പല നാശങ്ങളും സംഭവിക്കുന്നുണ്ട്. കൂട്ടമായും സ്ഥിരമായും കിടന്നാൽ മാത്രമേ പനിയോ മററു അസുഖങ്ങളോ ഉണ്ടാകുമ്പോൾ വൈദ്യസഹായം നൽകുന്നതിനും വിദ്യാഭ്യാസം കൊടുക്കുന്നതിനും സാധിക്കൂ. അതുകൊണ്ട് റോഡിനോടും ജനവാസം ഉള്ള സ്ഥലങ്ങളോടും അടുത്തു കിടക്കുന്ന സ്വാമ്പിസ്ഥലങ്ങൾ ഭൂമിയില്ലാത്തവർക്ക് ഒന്നാമതായി പതിച്ചുകൊടുക്കുക. ബാക്കി റിസർവിനുള്ളിലുള്ളതു് വനത്തിലെ കിരാതവർഗ്ഗങ്ങൾക്കു കൃഷിക്കുകൊടുക്കുക. ഇങ്ങനെ കൃഷി വർദ്ധിപ്പിക്കാം. ഭൂമി കൈവശം വച്ചുകൊണ്ടിരിക്കുന്നവർ മൂന്നുകൊല്ലത്തിനകം കൃഷിചെയ്തില്ലെങ്കിൽ മററുള്ളവർക്കു് എടുത്തുകൊടുക്കുമെന്നു ഒരു വ്യവസ്ഥചെയ്യുന്നതും കൊള്ളാം.

MR. M. R NARAYANA PILLAI: അവരും കൃഷി ചെയ്തില്ലെങ്കിലോ?

MR. THARIATHU KUNJITHOMMEN: അവരുടെ കയ്യിൽനിന്നും എടുത്ത് കൃഷിചെയ്യുന്നവക്ക് കൊടുക്കണം.

തിരുവിതാംകൂറിൽ ഒരാളിന് ൩൧ സെൻറ് ഡ്രൈലാൻഡും ൧൨ സെൻറ് വെററ് ലാൻഡും ആണുള്ളതു. ഇതു ഒരിക്കലും ഒരുവനു ആവശ്യമായ ആഹാരസാധനങ്ങൾ വിളയിച്ചെടുക്കാൻ പര്യാപ്തമായിരിക്കുന്നില്ല. ഡ്രൈലാൻഡിനെ വെററ് ലാൻഡാക്കുന്നതുകൊണ്ട് കൂടുതൽ ഗുണമുണ്ടെന്ന് വിചാരിക്കാൻ തരമില്ല. അതുകൊണ്ട് ഒരുപ്പൂകൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ ഇരുപ്പൂകൃഷി നടത്താമോ എന്നും വനത്തിലെ വെററ്ലാൻഡുകൂടി നിലമാക്കി കൂടുതൽ സ്ഥലങ്ങളിൽ കൃഷിചെയ്യാമോ എന്നുമാണ് നോക്കേണ്ടതു്. ഇവിടേക്കാവശ്യമുള്ള ആഹാരസാധനങ്ങൾ ഇവിടെനിന്നുതന്നെ വിളയിച്ചെടുക്കണമെന്ന് ശാഠ്യംപിടിക്കുന്നതുശരിയല്ല. നമ്മുടെ രാജ്യസ്ഥിതിക്കു കൂടുതൽ വിലകിട്ടുന്നസാധനങ്ങൾ വിളയിച്ചെടുക്കുവാൻ നോക്കേണ്ടതാണ്. ആഹാരസാധനംതന്നെ കൃഷിചെയ്യു എന്നു പറയുന്നതു് പഴയ കിരാതസംപ്രദായമാണ്. അതു് ഒരു പരിഷ്കൃതജനസമുദായത്തിനു യോജിച്ച സമ്പ്രദായമല്ല. എല്ലാരാജ്യക്കാരും ഒരു വിഷയത്തിൽ, അല്ലെങ്കിൽ യോജിച്ച മറെറാരു വിഷയത്തിൽ അന്യരാജ്യക്കാരെ ആശ്രയിക്കേണ്ടിവരും. നാം എത്ര ശ്രമിച്ചാലും നമ്മുടെ ആഹാരകാര്യം ഏറെക്കുറെ മററു രാജ്യക്കാരെ ആശ്രയിച്ചല്ലാതെ പൂർണ്ണമായി നിറവേററുവാൻ സാദ്ധ്യമല്ലെന്നാണെനിക്ക് തോന്നുന്നതു്. അതുകൊണ്ട് കൂടുതൽ വിലകിട്ടുന്ന, നമുക്കു പോരാതെ വരുന്ന ആഹാരസാധനങ്ങൾ വാങ്ങുന്നതിനാവശ്യമുള്ള വില കിട്ടുന്ന—ആദായകരമായ മററു കൃഷികൾ ചെയ്യാനാണു നോക്കേണ്ടതു്. കൂടുതൽ വിലയുള്ള റബർ, തേയില, ഏലം, മുതലായ കൃഷികളും കൂടുതലായി നടത്താൻ നോക്കേണ്ടതാണ്. മേല്പറഞ്ഞവക്കു പററാത്ത ഡ്രൈലാൻഡിൽ മരച്ചീനിയും കൃഷിചെയ്യാം. നമ്മുടെ സാമ്പത്തികനില ഉയർന്നുവരണമെങ്കിൽ കൂടുതൽ ആദായകരമായ കൃഷി നടത്തണം.

വനങ്ങളിലുള്ള വെററ്ലാൻറ് പതിച്ചുകൊടുക്കുമ്പോൾ മന്നാംകണ്ടം പതിച്ചുകൊടുക്കുന്നതുപോലെ, ആളുകൾ മലേറിയാകൊണ്ടു കൂട്ടത്തോടെ മരിക്കാൻ ഇടയാകുന്നവിധത്തിൽ പ്രവർത്തിക്കരുതു്. ഹെൽത്തുഡിപ്പാർട്ടുമെൻറിൻെറ പ്രത്യേകനോട്ടം ഇങ്ങനെ പതിച്ചുകൊടുക്കുന്ന സ്ഥലങ്ങളിൽ ഉണ്ടായിരിക്കേണ്ടതാണ്. മന്നാംകണ്ടം പതിച്ചുകൊടുത്തതു നിമിത്തം അവിടെ വന്നു താമസിച്ചു കൃഷിചെയ്തു അനേകം ആളുകൾ

[Mr. Thariathu Kunjithoman]

മലേറിയ പിടിച്ച് മരിച്ചുപോയി. അവിടെ ആളുകൾ മരിച്ചുകിടക്കുന്നതു് ഞാൻതന്നെ കണ്ടിട്ടുണ്ടു്. അടുത്തകാലത്തു ഈ സംഗതിയെപ്പററി പേഷ്കാരുടെ അടുക്കൽ ഞാൻ നേരിട്ടു പറഞ്ഞു. അതിനുശേഷം ഹെൽത്തുവകുപ്പുകാർ വന്നന്വേഷിച്ചുപോയിട്ടുണ്ടു്. അവിടെ ഒരേക്കറിന് മുമ്പുണ്ടാകാത്ത വിധത്തിൽ ൨൦൦ രൂപയും മററും ഏക്കറിനു വില ലേലത്തിൽ ഗവൺമെൻറിന് ഡ്രൈലാൻറിനു കിട്ടീട്ടുണ്ടു്. ഇപ്പോൾ ഈ പനി നിമിത്തം അവിടത്തെ വിളവെടുപ്പുതന്നെ നടക്കുമോ എന്നു സംശയമാണു്. പാലോടു്, നെയ്യാററിൻകര, മുതലായ സ്ഥലങ്ങളിൽ പനിപിടിച്ചാൽ ഹെൽത്തുവകുപ്പും ശ്രദ്ധിക്കുന്നതായി കാണുന്നുണ്ടു്. തലസ്ഥാനത്തിനടുത്ത സ്ഥലമായതുകൊണ്ടു് ഗവൺമെൻറു ശ്രദ്ധ എളുപ്പം പതിയുന്നു. ദൂരെ കിടക്കുന്ന മന്നാംകണ്ടത്തിലെ കാര്യങ്ങൾ ഞങ്ങൾ ഇവിടെവന്നു് പറയുമ്പോൾ മാത്രമേ ഗവൺമെൻറ് അറിയുന്നുള്ളു.

MR. PUTHUPALLI S. KRISHNA PILLAI : മെംബറിൻെറ അഭിപ്രായം വൈദ്യസഹായമില്ലാതെ സ്വാംപിഏരിയ പതിച്ചുകൊടുക്കരുതെന്നാണോ

MR. THARIATHU KUNJITHOMMEN ! അതേ, വിസ്തീർണ്ണമായി സ്വാംപി ഏരിയാകൾ പതിച്ചുകൊടുക്കുമ്പോൾ അവിടെ വൈദ്യസഹായവുംകൂടി കൊടുക്കണം. അങ്ങനെ ചെയ്യില്ലെങ്കിൽ ഇപ്പോഴത്തെപ്പോലെ അരപ്പട്ടിണിയുമായി ജനങ്ങളെ നാട്ടിൻപുറങ്ങളിൽതന്നെ ഇട്ടേയ്ക്കുവാൻ അനുവദിച്ചേക്കുകയാണു നല്ലതു. പനിപിടിച്ചു ചാകയില്ലല്ലോ.

RAO BAHADUR T. V. VENKATESWARA AIYAR : Sir, it has been a pleasure to me to listen to a very intelligent discussion on this important question. I was also glad to see that all the pros and cons have been realised by this House. Mr. Narayana Kurup's cut motion was to speak about the desirability of leasing out grassy and swampy forest areas in the reserves for paddy cultivation. As regards the question of leasing out or registering swampy areas within the forest reserve, committees were appointed more than once for investigating and ascertaining the areas available for that purpose and as a result of those investigations it was found that there were about 5000 acres of marshy places suitable for disafforestation for cultivation. Ultimately it was found that areas to the extent of about 8000 acres have been assigned to various communities and people, partly out of the areas recommended by the committee and partly owing to other recommendations. The dangerous practice of allotting land in small bits inside the reserve forest which are primarily intended for the production of timber has been expressed in this House very succinctly. The swampy areas committees restricted themselves to the recommendation of areas not less than one hundred acres in each locality. They did not recommend smaller areas for the reason that their wider distribution required more expenditure and more staff. Another reason for this was the

the Forest Department had to provide more men to see that the forest areas were not denuded by the settlers and forest fires which are necessarily concomitants of small holdings and big holdings inside forest areas do not occur. I do not think that it is possible to find large blocks of swampy areas within the reserves on the western slopes of this country for further disafforestation and assignment without jeopardising the forest policy that is now being followed by the State. So far as the swampy areas in localities to the north of Peermade, and in Peermade and Devicolam taluks are concerned I have got the report here before me submitted by the late Conservator of Forests recommending that the marshy places between Kumili and Devicolam be investigated with a view to enable people to cultivate paddy in those areas. I have had occasion to see some of these portions even before I came into Travancore service and I feel inclined to say that some of these areas are suitable for paddy cultivation without jeopardising greatly the forests in the locality. As a matter of fact some of these areas are clad practically with grass and small shrubs and are at an elevation suitable for paddy cultivation. We have, adjoining these marshy places, larger areas of excellent forests which are at present rather difficult to exploit for want of proper communication. Therefore such of these marshy places as are suitable for paddy cultivation can be assigned or leased out to the people of the State. If this is done it would be possible to work these forests to greater advantage owing to the communications likely to be established thereby and also owing to the availability of labour which this would bring into effect. I am therefore of opinion that such areas of the locality as are suitable for paddy cultivation can be conveniently leased or registered in favour of those people who are willing to take up the cultivation. Both from the point of view of exploitation of forests and from the point of view of increasing the area under paddy cultivation these localities can be leased out. The opening of such areas, as has already been pointed out in this House, is always attended with the incidence of a severe form of malaria. Therefore it is very necessary to consider this question also when any large areas are intended to be opened for paddy cultivation in this locality.

As regards the allotment of grassy areas for paddy cultivation it has already been expressed here that grassy areas are unsuitable for annual paddy cultivation and I am in complete agreement with this view. Such grassy areas as are not swampy are generally found on the slopes of hills and, the depth of the soil in such areas is usually too small to give an annual return from paddy. In addition there is the greater danger of erosion which is likely to result if such areas are allotted for paddy cultivation. The dangers of erosion also has been touched upon elaborately in this House and it is very necessary to guard against it. Therefore a sound forest policy should go hand in hand with the allotment of grassy areas for paddy cultivation.

Certain difficulties have been expressed here about the availability or non-availability of manure leaves in South Travancore and elsewhere. Forests are primarily to be managed for timber. It is always

[Rao Bahadur T. V. Venkateswara Aiyar.]

a difficult problem to manage a forest for multifarious purposes. If manure leaves are removed from a forest it cannot efficiently be managed for fuel or for timber. The experience of districts where irrigation has been prevalent as in South Travancore and where manure leaves have been permitted to be taken out of the reserve forest either on payment or free has always been disastrous. In the course of a decade the hills become denuded of tree or grass as it has now become denuded in South Travancore. It is not advisable to extend the concession already prevalent in either South Travancore or in other places of Travancore. If manure is necessary for the ryots they have got to set apart a portion of their holdings to cultivate manure leaves for themselves but perhaps better still to cultivate them on the denuded hill slopes and porambokes as they are doing now in their private holdings.

MR. KOTTALIL P. ABRAHAM: Will it not reduce the area of cultivation?

RAO BAHADUR T. V. VENKATESWARA AIYAR: Yes, perhaps it will reduce the area but at the same time it will cause the rest of the area to yield more.

I would suggest in this connection to the honourable member who has been complaining about the lack of green manure, that fish manure has been found to be a very suitable manure. This country is producing fish in large quantities and certainly it is worth while to try this manure and to see how far it will be useful.

MR. M. SIVATHANU PILLAI: May I know whether fish manure is not more useful for dry cultivation?

RAO BAHADUR T. V. VENKATESWARA AIYAR: It may be more useful for dry cultivation, but certainly it is useful for wet cultivation as well.

MR. K. KUNJU PANICKAR: May I know whether fish manure is not very costly?

RAO BAHADUR T. V. VENKATESWARA AIYAR: I believe if there is a demand for fish manure, and the larger the demand, the larger the supply, the prices are likely to come down.

Where difficulty for green manure exists, I suggest that people would join together and cultivate green manure either on communal lands or on poramboke which they can take from Government at a small rent. This can be done on a communal basis.

A complaint has been made about the demand for permits for sheep coming from Tinnevelly in South Travancore. The honourable member is perhaps not aware that all Travancore cattle are permitted to graze inside reserve forests, free of charge, and the foreign cattle coming into Travancore forests have got to pay for grazing within the reserve forests. It will be difficult to control the cattle that come from Tinnevelly to Travancore unless they are covered by permits as soon as they come inside the State. Otherwise they are likely to graze inside the reserve forests free of charge on the plea that

they are Travancore cattle. It is perhaps for that reason among others that the department is insisting upon the purchase of permits for foreign cattle whenever they enter Travancore.

MR. K. NARAYANAPERUMAL NADAR: What is the objection to allowing sheep to graze in the Arambaly reserve?

RAO BAHADUR T. V. VENKATESWARA AIYAR: To my knowledge sheep are permitted to graze there.

There was also a demand in this House for dis-reservation of small reserves and assigning them for cultivation.

PRESIDENT: Order, order. The time for the demand is now over. Mr Narayana Kurup, do you press your motion?

MR. N. NARAYANA KURUP: I do not press it.

The question that Government be granted Rs. 9,72,245 under Demand IV—Forest, was put and passed. The grant was made.

Motion No. 10.

The following motion lapsed for want of time.

Motion for reduction of total grant under Demand IV.

MR. P. S. MUHAMED:

To reduce the total allotment of Rs. 9,72,245 under Demand IV by Re. 1

DEMAND V—REGISTRATION.

MR. K. MADHAVA KURUP: Sir, I move for a grant of Rs. 3,18,514 under Demand V—Registration.

Motion No. 1.

MR. K. NARAYANAPERUMAL NADAR: Sir, I move—

To reduce the allotment of Rs. 1,600 for travelling allowance by Re. 1.

to point out that the Director should make more surprise visits to Sub-Registry Offices with special reference to the offices in South Travancore. If the Director of Registration makes more surprise visits I am sure that many of the corrupt practices of officers in the Sub-Registry Offices will disappear. I will confine my observations to one Sub-Registry Office, *viz.*, the Sub-Registry Office at Aloor. The Sub-Registrar's name is one Mr. Chandy, B. A. During office hours he makes regular visits to his factories in Rajakamangalam. If the Director makes a surprise visit, he can find it out. Moreover, in reply to my question whether there was such an allegation against that Sub-Registrar, the Director admitted that there was such an allegation. Also, that Sub-Registrar has got an estate in Veli Malai to which he pays very regular visits.

PRESIDENT: Is it the allegation that he pays visits to his estate during office hours?

MR. K. NARAYANAPERUMAL NADAR: Yes, Sir. I do not take any objection to the visits that he may pay to his estate or to his factory outside office hours. But I take objection to those visits that are paid during office hours.

MR. M. SIVATHANU PILLAI: May I know from the member......

MR. K. NARAYANAPERUMAL NADAR: I do not yield. This Officer is notoriously corrupt. Of all the officers in Thovala, Agastiswaram and Kalkulam, he is most corrupt. Generally when a complaint of corruption is made against an officer in this House, the usual question from the Chair is whether the member takes the responsibility for the statement that he makes. When such questions are asked I am mortally afraid.

PRESIDENT: Order, order. There is no reason for the honourable member to feel any mortal fear. I have been noticing the pertinacity with which he is pursuing this matter like every other subject that he handles. I take it for granted that the honourable member is sufficiently alive to his own responsibility not to make allegation unless he is prepared to take up the responsibility for it.

MR. K. NARAYANAPERUMAL NADAR: To such a question, I used to say, 'I am responsible for the statement'. Simply to avoid such a question to this occasion, I say, that I am fully responsible for the accuracy of the statement that I make. What Mr. Chandy does is this. He comes to the office at 11. At 12 he goes to his home. And parties visit him in his house and pay him Rs. 2 or Rs. 5 and in this way he is raising money. Every month he is getting more than Rs. 100 or Rs. 200 and in Mithunam 1116, a petition has been sent to the Dewan detailing the various corrupt practices of this particular officer.

PRESIDENT: Order, order. I trust that the honourable member will see that enough has been said on the floor of the House to justify a very thorough and full investigation of this matter. Government undertake to conduct that investigation. It may be that this officer has a Salt Factory and an Estate and is indulging in the alleged practices. But, at the same time, the honourable member who is now speaking, who is an experienced legislator, and other honourable members will realise that these allegations, if made in great detail on the floor of the House, get at least a month or two months by way of a start over the results of any public enquiry and that therefore the officer is put in the interval in a very difficult position. I realise and I think that the House will realise that very serious allegations of neglect of duty and of corruption are made against a particular officer by an honourable member of this House who has stated that he takes full responsibility for these allegations. In justice and fairness to that officer and, if I may be permitted to say so, in justice to my honourable friend, the best course would be to rest content with the undertaking and the assurance that there will be an immediate public enquiry ordered into the matter. I do not think it is necessary now, nor is it fair, to go further.

MR. K. NARAYANAPERUMAL NADAR: Sir, I got a copy of the petition and it was after that that I put in an interpellation. Immediately after the interpellation was sent, Mr. Chandy wanted to see me. On 27th Mithunam 1116, he wanted to threaten me for asking this question.

PRESIDENT: Knowing my friend as I do, I do not think he will yield to threats.

MR. K. NARAYANAPERUMAL NADAR: He came to see me with some of his friends. One of them told me that he wanted to see me. I asked him, why he wanted to see me. He said that it was because I had sent an interpellation about Mr. Chandy. Then I said that that was not the time, that I had got a petition from many people in the locality and that I had framed an interpellation and sent it to the Secretary; and that if they made any attempt to see me, I would see that the whole matter went to the Dewan.

PRESIDENT: Order, order. This is probably a very foolish thing that the officer has done. But the whole matter will be the subject of a public enquiry.

MR. K. NARAYANAPERUMAL NADAR: Sir, I wish to state that the privilege of the House in asking questions is encroached upon.

PRESIDENT: The encroachment of that privilege will be amongst the matters dealt with in the enquiry.

MR. K. NARAYANAPERUMAL NADAR: In the Administration Report for the year 1115, it is stated at page 94 that the percentage of documents registered on the day of presentation was 99·3 as against 99·2 in 1114. But the percentage in the Aloor Sub-Registry Office cannot be more than 70. Sir, that will show that the officer is notoriously corrupt.

In view of the assurance from the President that a public enquiry will be ordered immediately by Government, I do not press the motion.

The motion was, by leave of the House, withdrawn.

Motion No. 2.

MR. KAVIYOOR K. K. KOCHUKUNJU: സർ, രജിസ്ട്രേഷൻ ഡയറക്ടറുടെ ഡയറക്ഷൻ ഇനത്തിൽ നീക്കിവച്ചിട്ടുള്ള ൨൨൭൭ രൂപായിൽ നിന്ന് ഒരു രൂപാ കുറക്കണമെന്നുള്ള ഉപക്ഷേപം ഞാൻ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു. ഇപ്രകാരം ഈ ഉപക്ഷേപം അവതരിപ്പിക്കാൻ ഞാൻ പ്രേരിതനായതു ...

MR. K. MADHAVA KURUP; Sir, may I point out that the motion is not in order as it relates to Joint Stock Companies that do not come under this demand.

PRESIDENT: The motion is out of order.

Motions Nos. 3 to 9.

The following motions were not moved.

MR. K. NARAYANAPERUMAL NADAR:

3 To reduce the allotment of Rs. 2,100 for travelling allowances by Re. 1.

MR. K. NARAYANAPERUMAL NADAR:

4. To reduce the allotment of Rs. 21,393 for District Establishment by Re 1.

MR. K. NARAYANAPERUMAL NADAR:

5. To reduce the allotment of Rs. 84,615 for salaries by Re. 1.

MR. KAVIYOOR K. K. KOCHUKUNJU:

6. To reduce the allotment of Rs. 3,399 for Head clerks etc., under temporary establishment by Re. 1.

MR. K. NARAYANAPERUMAL NADAR:

7. To reduce the allotment of Rs. 2,74,566 for Sub-Registry Offices Establishment by Re. 1.

MR. K. NARAYANAPERUMAL NADAR;

8. To reduce the total allotment of Rs. 3,18,514 under Demand V by Re. 1.

MR. MURUKKUMPUZHA V. KUNJUKRISHNAN;

9. To reduce the total allotment of Rs. 3,18,514 under Demand V by Re. 1.

Motion No. 10.

MR. MURUKKUMPUZHA V. KUNJUKRISHNAN: Sir, I move—

To reduce the total allotment of Rs. 3,18,514 under Demand V by Re. 1

My object in moving this cut motion is just to point out that Sub-Registry Offices should, as far as possible, be located in the centre of the sub-districts. This morning we have discussed at length the question of the advisability of locating such offices in the centre itself. My view is that the existing sub-registry offices should be shifted and located in the centre of the sub-district. At least the three offices proposed to be opened should be located in central places so that it may be convenient to the public who go for registry. I understand that one office is going to be opened in the Nedumangad taluk. There are at present three offices there, one in the Nedumangad town itself, another near Kattakada and the third at Vamanapuram which is the westernmost boundary. The new office proposed to be opend is to serve Palode, Uzhamalakkal and Mannar. It would be better if it is located in the centre of these three pakuthies.

(At this stage President left the chair and the Deputy President occupied it).

If the new office is intended to serve the easternmost pukuthies, the most central place would be somewhere between Nedumangad and the westernmost limit, namely, Palode. This place is growing in importance and further more a building is already vacant there which could very well be utilised for this purpose. That is a Government building so that no rent need be paid. Even if it is only a temporary office, that is the best-fitted place.

The objection may be raised whether it will not be convenient to locate this in the Nedumangad town itself. There is already an office in Nedumangad. It may be argued that this office is intended to lighten the work of the Nedumangad office. It is wrong in principle to locate the additional office in the same place. The office should be located in the registry sub-district. Further, in law, the sub-registry office should be located within their respective jurisdiction. When that is so, why should we unnecessarily spend money on a building and inconvenience the people also? With these observations I move the motion.

MR. VARKALA K. MADHAVAN: Sir, I oppose the motion. The offfice of the Sub-Registrars are established to serve the convenience of the public. It will be difficult for people to go to the towns from interior villages for the purpose of registration. I am, therefore, of opinion that these offices should be located in thinly populated places and not in towns which may perhaps be convenient to the officers. I oppose the motion.

MR. K. MADHAVA KURUP: Sir, though Mr. Murukkumpuzha Kunjukrishnan urged that the sub-registry offices should ordinarily be located in the centre of the district, it appears that his main object was to have the additional office to be opened at Nedumangad located somewhere near Palode, where there is a Government building and hence there will be some saving in rent.

Sir, three new offices are proposed to be opened next year, one at Nedumangad, another at Kottarakarai and the third at Karunagapally. The registration work in these places is so heavy that the public are put to inconvenience. By opening these offices, public convenience will be promoted. The offices will be very temporary, in fact, it is doubtful whether after all there will be adequate work for them in future years. The offices will be located at the headquarters of the taluks. I admit that, for the people Palode, if an office is opened at Palode, that will be more convenient.

MR. M. SIVATHANU PILLAI: What is the obection of the honourable member to have the offices located in such places where they are most necessary?

MR. K. MADHAVA KURUP: It is proposed to be located in the most convenient place.

MR. M. SIVATHANU PILLAI: Most convenient to whom?

MR. K. MADHAVA KURUP: Most convenient to the people of the place. As a matter of fact, there was once an additional office at Nedumangad just near the principal office, but that was abolished. If the office continues for another year, and if it is found necessary to make it permanent, the question of locating it in another place may perhaps be considered.

MR. PULIYOOR T. P. VELAYUDHAN PILLAI: May I know whether this office will not have co-extensive jurisdiction?

MR. K. MADHAVA KURUP: No, Sir.

MR. PULIYOOR T. P. VELAYUDHAN PILLAI: Then what is the difficulty in locating the office in another place?

MR. K. MADHAVA KURUP: If it is located in the town itself lawyers, doctors and several other people will be easily available to the employees as well as to the public who resort to the office. It has already been found from experience that offices located in out of the way places, such as Vellanad, had to be abolished for want of such convenience.

MR. PULIYOOR T. P. VELAYUDHAN PILLAI: May I know the principle followed in shifting one of the sub-registry offices at Parur to Edapally?

MR. K. MADHAVA KURUP: Edapally is an important place. Two offices were situated at Parur within a distance of two furlongs. So one of the offices was transferred from Parur to Edapally.

MR. MURUKKUMPUZHA V KUNJUKRISHNAN: How is Edapally more important than Parur?

MR. K. MADHAVA KURUP: Edapally is in a variety of ways more important than Palode.

MR. MURUKKUMPUZHA V. KUNJUKRISHNAN: Is Edapally more important than Parur to justify the shifting of the Parur office to Edapally?

MR. K. MADHAVA KURUP: One office at Parur has been transferred to Edapally.

MR. MURUKKUMPUZHA V. KUNJUKRISHNAN: If an office is opened there, it will lighten the work. In that case what is the difficulty in locating that office within the new sub-district?

MR. K. MADHAVA KURUP: As I said, the office will be established in the town so that it may be convenient to all people. Also it will be possible to give some relief to the neighbouring offices at Vamanapuram and Maranallur.

MR. MURUKKUMPUZHA V. KUNJUKRISHNAN: When there is a Government building already vacant in a central place, what difficuly is there in opening the office at Palode?

MR. K. MADHAVA KURUP: The fact that there is a building there is not the only consideration. That is perhaps an unimportant consideration.

MR. MURUKKUMPUZHA V. KUNJUKRISHNAN: Sir, in view of the statement made by the Director of Registration, I press the motion.

The motion was put and lost.

The question that a sum of Rs. 3,18,514 be granted under Demand V—Registration was put and carried.

The grant was made.

The Assemby adjourned at 5-3 P. M.

V. S. ARUMUKHAM PILLAI,
Secretary to the Sri Mulam Assembly.